കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കാവനൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം9/3107/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 02/02/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാവനൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാവനൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാവനൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം9/3107/2022 തീയ്യതി: 02/02/2023

മലപ്പുറം ജില്ലയിലെ കാവനൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കാവനൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-12-2021 മുതൽ 29-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-12-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ഉണ്ണി പൂതംകുറ്റി	ഡെപ്യൂട്ടി ഡയരക്ടർ	22-12-2022	29-12-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
22-12-2022	29-12-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുൽ സത്താർ സി.പി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി. ജിഷ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ.
ശ്രീ.റഷീദ് വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. സുജാത എം, ഓഡിറ്റർ
ശ്രീ. മുഹമ്മദ് നൗഷാദ് എ.കെ, ഓഡിറ്റർ.

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. പി.വി ഉസ്മാൻ	പ്രസിഡന്റ്	01-04-2021	31-03-2022

ശ്രീമതി. സൽമ ബീവി പി.എസ്	സെക്രട്ടറി	01-04-2021	31-03-2022

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ആശ കമാൽ	അസി.സെക്രട്ടറി	01-04-2021	31-03-2022
ഡോ. ഗണേഷ് വി	വെറ്റിനറി സർജൻ	01-04-2021	15-11-2021
ഡോ. അബ്ദുൽ റസാക്ക്	വെറ്റിനറി സർജൻ	16-11-2021	31-03-2022
ശ്രീമതി. ആശ എ	വി.ഇ.ഒ	01-04-2021	31-03-2022
ശ്രീ. അബ്ദുൽ അസീസ്	ഹെഡ്മാസ്റ്റർ	01-04-2021	31-03-2022
ശ്രീമതി. ഗിരിജ പി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2021	31-03-2022
ശ്രീ. അബ്ദുൽ റഷീദ്	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	01-04-2021	31-03-2022
ശ്രീമതി. സീനത്ത് കെ.കെ	കൃഷി ഓഫീസർ	01-04-2021	31-03-2022
ശ്രീ. ശ്രീകാന്ത്	അസിസ്റ്റന്റ് എഞ്ചിനിയർ	01-04-2021	31-03-2022
ഡോ.ഹസ്സുള്ള സമീർ	മെഡിക്കൽ ഓഫീസർ(PHC)	01-04-2021	31-03-2022

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യ പത്രിക	1-2
3	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
4	ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)	1-4
5	പദ്ധതി അവലോകനം	1-5
6	തൊഴിലുറപ്പ് പദ്ധതി	1-6
7	ക്ഷേമ പദ്ധതികൾ	1-7
8	ക്യാഷ് പരിശോധന.	1-8
9	ആഭ്യന്തര നിയന്ത്രണം	1-9
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
11	വാർഷികകണക്ക് പരിശോധന – അപാകതകൾ	1-11
12	തെറ്റായ കെട്ടിട നമ്പർ രേഖപ്പെടുത്തി/ ഉപയോഗ ക്രമം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു	1-12
13	വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല.	1-13
14	ഫയർ&റസ്ക്യൂ വകുപ്പിന്റെ നിരാക്ഷേപ പത്രമില്ലാതെയും തെറ്റായി നികുതി നിർണ്ണയിച്ചും കെട്ടിട നമ്പർ അനുവദിച്ചു	1-14
15	അനധികൃത നിർമ്മാണങ്ങൾ-ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല	1-15
16	ക്രമവൽക്കരണ ഫീസ് ഈടാക്കിയില്ല	1-16
17	ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.	1-17
18	ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്ററിന് വിഹിതം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.	1-18
19	ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.	1-19
20	വസ്തുനികുതി ഡിമാന്റ് നോട്ടീസ് പ്രിന്റ് ചെയ്തതിന്റെ ആവശ്യകത വ്യക്തമല്ല - ചെലവ് തുക തടസ്സം ചെയ്യുന്നു.	1-20
21	കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.	1-21
22	കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല.	1-22
23	കുടിവെള്ള പദ്ധതി- അറ്റകുറ്റപ്പണി	1-23
24	ഐ.സി.ഡി.എസ് -കമ്പ്യൂട്ടർ ,അനുബന്ധ ഉപകരണങ്ങൾ ലഭ്യമായില്ല.	1-24
25	പോഷകാഹാര വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.	1-25
26	ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല	1-26
27	കൃഷി ഓഫീസിലേക്ക് പ്രിന്റർ, സ്കാനർ എന്നിവ ലഭ്യമായില്ല.	1-27
28	പൊതുമരാമത്ത് പ്രവർത്തികൾ - പൊതുഅവലോകനം	1-28

29	അളവ് പുസ്തകം, ടെണ്ടർ ഫോം എന്നിവ യഥാരീതിയിൽ സ്റ്റോക്കിലെടുക്കുന്നില്ല	1-29
30	മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല	1-30
31	സാക്ഷരതാ പ്രേരകിന് തനത്ഫണ്ടിൽ നിന്നും ഹോണറേറിയം നൽകിയത് തിരികെ ലഭിച്ചില്ല.	1-31
32	പി.എം.എ.വൈ വിഹിതം അടവാക്കൽ - വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.	1-32
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.	4-1
2	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ /വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

2020-21 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി	(പുതുക്കിയത്) തീരുമാന നമ്പർ./തിയ്യതി
(1/1)/18.02.2021	1(2)/26.03.2022

1-2 വാർഷിക ധനകാര്യ പത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31.07.2022	14.07.2021

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	34811576
വരവ്	104945842
ആകെ	139757418
ചെലവ്	94238385
നീക്കിയിരിപ്പ്	45519033

1-4 ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	ബാക്കി
വികസനഫണ്ട് പൊതുവിഭാഗം	0	22364268	22364268	21103370	1260898
വികസനഫണ്ട് എസ്.സി.പി.	0	9918666	9918666	9918666	0
വികസനഫണ്ട് ടി.എസ്.പി.	0	0	0	0	0
സംരക്ഷണഗ്രാന്റ് റോഡ്	0	22555000	22555000	18100672	4454328
സംരക്ഷണഗ്രാന്റ് നോൺ റോഡ്	0	6298839	6298839	3733826	2565013
കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	0	11224058	11224058	2227756	8996302
കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)	0	4594792	4594792	3456305	1138847
ബി ഫണ്ട്	0	68219300	68219300	68219300	0

1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
284	119533422	228	76845361	0	56	80.28

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവുകൾ	6696.5	543386	550082.5	549361.5	721
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	22649866	22649866	22649866	0

തൊഴിലുറപ്പ് പദ്ധതി സെക്ഷനിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങളാണ് ചേർത്തത്. I 6, I (14)a ഷെഡ്യൂളുകളിൽ തുകകൾ 549361 രൂപ വ്യത്യാസപ്പെട്ടിരിക്കുന്നു. വാർഷിക കണക്കിലെ വിവരങ്ങളും തൊഴിലുറപ്പ് പദ്ധതി സെക്ഷനിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. 2021-22ലെ അഡ്മിൻ ചെലവിനത്തിൽ ഫണ്ട് ട്രാൻസ്ഫർ ജേണൽ എന്റി ചെയ്യാൻ വിട്ടുപോയതാണ് വ്യത്യാസത്തിന് കാരണമെന്നും ആയത് 28.12.22ന് പരിഹരിച്ചതായും അക്കൗണ്ടന്റ് അറിയിച്ചു.

1-7 ക്ഷേമ പദ്ധതികൾ

ഇനം	ചെലവഴിച്ച തുക	ഗുണഭോക്താക്കൾ (എണ്ണം)
തൊഴിൽരഹിത വേതനം	10200	5
കർഷക തൊഴിലാളി പെൻഷൻ	9076800	541
വിധവാ പെൻഷൻ	19063200	1141
വാർദ്ധക്യകാല പെൻഷൻ	32226400	2411
ഭിന്നശേഷി പെൻഷൻ	7193500	479
50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	150000	5
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	499200	36

1-8 ക്യാഷ് പരിശോധന.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.12.2022 ന് 3.34 Pm ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 21880/- രൂപ നീക്കിയിരിപ്പ് പരിശോധിച്ചു ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

1). കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾക്കും വിലകുറഞ്ഞ സ്റ്റോറുകൾക്കും, ഓഫീസ് ഫർണ്ണീച്ചറുകൾക്കും സ്റ്റോറുകൾക്കും, പുസ്തകങ്ങൾ ഫോറങ്ങൾ സ്റ്റേഷനറികൾ എന്നിവക്കും പ്രത്യേക സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല. സ്റ്റോക്കുകളുടെ പരിശോധനയും കാര്യക്ഷമമല്ല. സ്റ്റോറുകളുടെ വിതരണ വിവരം സ്റ്റോക്ക് അക്കൗണ്ടിൽ ചേർക്കേണ്ടതാണെങ്കിലും (ആർട്ടിക്കിൾ 152) ആയതും പാലിക്കുന്നില്ല.
2). സെക്രട്ടറി പ്രൊജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പ്രൊജക്ട് നിർവ്വഹണം നടത്തിയതിന്റെ വിവരങ്ങൾ (ബിൽ നമ്പർ, തീയതി, തുക മുതലായവ) രേഖപ്പെടുത്തിയിട്ടില്ല.
3). അസി. എഞ്ചിനീയർ പ്രോജക്ട് രജിസ്റ്റർ, ടെണ്ടർ ഫോം രജിസ്റ്റർ, സെക്യൂരിറ്റി രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	16-11-2022	05/2022-10/2022	18-11-2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	06-11-2013	2008-09 മുതൽ 2012-13 വരെ	26-12-2013

1-11 വാർഷികകണക്ക് പരിശോധന – അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വസ്തു നികുതി- വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുകകളും ലഭ്യമാക്കിയ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും തമ്മിൽ ചുവടെ ചേർത്ത പ്രകാരം വ്യത്യാസം കാണുന്നു.

	ഡിമാന്റ്		കളക്ഷൻ		ബാലൻസ്	
	വാർഷിക കണക്ക് പ്രകാരം	സഞ്ചയ പത്രിക പ്രകാരം	വാർഷിക കണക്ക് പ്രകാരം	സഞ്ചയ പത്രിക പ്രകാരം	വാർഷിക കണക്ക് പ്രകാരം	സഞ്ചയ പത്രിക പ്രകാരം
തൻവർഷം	5002631	4998336	4725067	4726577	255589	250053
കുടിശ്ശിക	748294	753824	580069	604544	150408	150094

2) ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule)ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3) B-4 Schedule ൽ ഉൾപ്പെട്ടിട്ടുള്ള ICDS സ്പെസിഫിക് പർപ്പസ് ഗ്രാന്റ് തുക തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ എ സി ആർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

4) സംയുക്ത പദ്ധതി ജില്ലാ പഞ്ചായത്ത് വിഹിതം 8,50,000/- രൂപയാണ് വാർഷിക കണക്ക് പ്രകാരം വരവ്. ചെലവ് പത്രിക

പ്രകാരം തൻവർഷ ചെലവ് 7,50,000/- രൂപയുമാണ്. ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുമില്ല.

5) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ ചുവടെ ചേർത്ത ഇനങ്ങളുടെ രജിസ്റ്ററുകളിൽ സംക്ഷിപ്തം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ലാത്തതിനാൽ ടി ഇനങ്ങളിലെ തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

ക്രമ നം	ഇനം/രജിസ്റ്റർ
1	ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ (സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല)
2	ബിൽഡിംഗ് റഗുലറൈസേഷൻ രജിസ്റ്റർ
3	ലൈസൻസ് രജിസ്റ്റർ (സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല)

6) ലോൺ രജിസ്റ്റർ തൻവർഷ ലോൺ വിവരങ്ങൾ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ലോൺ ഇനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

7) NREGS ഇനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ മുന്നിരിപ്പ് (RP40a) തുക NREGS സെക്ഷനിൽ നിന്ന് ലഭ്യമാക്കിയ കണക്കിലെ മുന്നിരിപ്പുമായും പൊരുത്തപ്പെടുന്നില്ല. I-6, I-14 (A) എന്നിവയിലെ തുകകളും വ്യത്യാസപ്പെട്ടിരിക്കുന്നു.

8) NREGS ഇനത്തിൽ B4 ഷെഡ്യൂൾ പ്രകാരം 797391 രൂപയാണ് നീക്കിയിരിപ്പ്. എന്നാൽ B17 ഷെഡ്യൂൾ പ്രകാരം ഈയിനത്തിനായുള്ള ബാങ്ക് അക്കൗണ്ടിൽ 721 രൂപയാണ് നീക്കിയിരിപ്പ്.

9) മോട്ടോർ റണ്ണിംഗ് ഫീസ് ഇനത്തിൽ വാർഷിക കണക്ക് പ്രകാരം 23425 രൂപയാണ് കളക്ഷൻ. എന്നാൽ രജിസ്റ്റർ പ്രകാരം 25825 രൂപയാണ് കലക്ഷൻ.

10) RP5 പ്രകാരം Auction Of Obsolete Asset ഇനത്തിൽ 9776 രൂപ കളക്ഷനുണ്ട്. രജിസ്റ്ററിൽ 2021-22 വർഷത്തെ വിവരങ്ങൾ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ മേൽ തുകയുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

11) പദ്ധതി നം. 241/22 പ്രകാരം 39110 രൂപ KSEB ക്ക് ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനായി അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ ആയത് RP47ൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. മറ്റ് ശീർഷകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണകുറിപ്പ് നം.16/2021-22/28.12.2022 ന് ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-12 തെറ്റായ കെട്ടിട നമ്പർ രേഖപ്പെടുത്തി/ ഉപയോഗ ക്രമം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു

2021-22 സാമ്പത്തിക വർഷത്തെ ലൈസൻസ് അപേക്ഷകളും ഫയലുകളും പരിശോധിച്ചതിൽ, ലൈസൻസ് അനുവദിച്ചപ്പോൾ ലൈസൻസ് അനുവദിക്കുന്ന സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ നമ്പർ സഞ്ചയയിൽ പരിശോധിച്ച് ഗ്രാമപഞ്ചായത്ത് ഒക്കുപ്പൻസി അനുവദിച്ച/നികുതി നിർണ്ണയിച്ച അതേ ആവശ്യത്തിന് ഉപയോഗിക്കുന്നതിന് തന്നെയാണോ ലൈസൻസ് അനുവദിക്കുന്നത് എന്നത് പരിശോധിക്കാതെയും തെറ്റായ കെട്ടിട നമ്പറുകൾ ലൈസൻസിൽ ചേർത്തുമാണ് ചുവടെ ചേർത്ത സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചത്.

ക്രമ നം	ലൈസൻസ് നം	ലൈസൻസ് അനുവദിച്ച കെട്ടിട നമ്പർ, കെട്ടിട തരം	ലൈസൻസ് അനുവദിച്ച സ്ഥാപനം
1	5	19/157 A, B, C - പാർപ്പിട കെട്ടിടം	ടാക്സ-ഡോർ നിർമ്മാണം
2	133	2/488 - പാർപ്പിട കെട്ടിടം	വുഡ് കാസ ഫർണ്ണിച്ചർ
3	272	5/203 A-Z സഞ്ചയയിൽ ഇല്ല	വുഡ് വേ ഫർണ്ണിച്ചർ

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 13/2021-22/28.12.2022ന് ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മേൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന ശരിയായ കെട്ടിടം സംബന്ധിച്ച വിവരം പരിശോധിച്ച് ലഭ്യമാക്കേണ്ടതുമാണ്.

1-13 വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല.

2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകളും റിട്ടേണുകളും, ഡി&ഒ ലൈസൻസുകൾ, സ്കൂൾ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റുകൾ തുടങ്ങിയവ താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ, ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരമുള്ള തൊഴിൽ നികുതി ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഈടാക്കിയിട്ടില്ല എന്ന് കണ്ടു.

ക്രമ നം	സ്ഥാപനം	തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം
1	പോസ്റ്റ് ഓഫീസ് തോട്ടിലങ്ങാടി	ഒന്നാം അർദ്ധ വർഷം
2	പോസ്റ്റ് ഓഫീസ് ഇരുവേറ്റി	രണ്ടാം അർദ്ധ വർഷം

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 14/2021-22/28.12.2022ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഇനത്തിൽ ആകെ 2368 രൂപ 29.12.22ലെ 1220900479, 80 എന്നീ രസീതുകൾ പ്രകാരം ഈടാക്കിയതായി അറിയിച്ചു. തൊഴിൽ നികുതി യഥാസമയം ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-14 ഫയർ&റസ്ക്യൂ വകുപ്പിന്റെ നിരാക്ഷേപ പത്രമില്ലാതെയും തെറ്റായി നികുതി നിർണ്ണയിച്ചും കെട്ടിട നമ്പർ അനുവദിച്ചു

2021-22 സാമ്പത്തിക വർഷത്തിൽ കെട്ടിട നമ്പർ അനുവദിച്ച ഫയലുകൾ പരിശോധിച്ചതിൽ, ശ്രീ. അബ്ദുൽ അസീസ് & അസറുള്ള ഖാൻ എന്നവർക്ക് കാവനൂർ പഞ്ചായത്ത് കാവനൂർ വില്ലേജ് സ.നം. 29/275/3-4, 3-3-1 എന്നിവയിൽ ഉൾപ്പെട്ട സ്ഥലത്ത് സഞ്ചയ, കംപ്ലീഷൻ പ്ലാൻ എന്നിവ പ്രകാരം ഇതര വ്യവസായ കെട്ടിടം നിർമ്മിച്ചതിന് ആകെ 1430.89ച.മീ വിസ്തീർണ്ണത്തിന് 11/311A (597.27ച.മീ), 11/311 B (371.92ച.മീ), 11/311 C (461.7ച.മീ) എന്നിങ്ങനെ കെട്ടിട നമ്പറുകൾ അനുവദിച്ച് ഇതര വ്യവസായ ആവശ്യത്തിനുള്ള കെട്ടിടം എന്ന ഗണത്തിലുൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 40 രൂപ നിരക്കിൽ കണക്കാക്കി വസ്തു നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

ഇത് സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1) കംപ്ലീഷൻ പ്ലാനിൽ 'Completed Industrial Furnitur & Industrial Shed' എന്നാണ് രേഖപ്പെടുത്തിയത്. പ്ലോട്ടിൽ ആകെ 1430.89ച.മീ വിസ്തീർണ്ണം കെട്ടിടമാണ് വ്യവസായ ആവശ്യ ഗണത്തിലുൾപ്പെടുത്തി നികുതി നിർണ്ണയിച്ചതും പ്ലാനിൽ വ്യവസായ ആവശ്യ ഗണം എന്ന് രേഖപ്പെടുത്തിയതും.

വിസ്തീർണ്ണം 1000 ച.മീ-ൽ അധികരിക്കുന്ന വ്യവസായ (ഗ്രൂപ്പ് G2) ആവശ്യ കെട്ടിടങ്ങൾക്ക് ചട്ടപ്രകാരം ഫയർ& റസ്ക്യൂ വകുപ്പിൽ നിന്നുള്ള നിരാക്ഷേപ പത്രം ഹാജരാക്കിയെങ്കിൽ മാത്രമേ പെർമിറ്റ്/നമ്പർ അനുവദിക്കാൻ പാടുള്ളൂ. എന്നാൽ ആയത് പാലിച്ചിട്ടില്ല. ഫയലിൽ ഫയർ& റസ്ക്യൂ വകുപ്പിൽ നിന്നുള്ള നിരാക്ഷേപ പത്രം ലഭ്യമാക്കിയിട്ടില്ല.

2) കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിലേക്ക് 8 മീറ്റർ വീതിയുള്ള വഴി സൗകര്യം ലഭ്യമാണ്. എന്നാൽ ആയത് പരിഗണിക്കാതെ സഞ്ചയയിൽ 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള വഴി സൗകര്യം എന്ന് കാണിച്ച് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% നികുതി വർദ്ധനവ് ചെയ്യാതെയാണ് വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയിരിക്കുന്നത്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 15/2021-22/28.12.2022ന് ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് നടപടി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 അനധികൃത നിർമ്മാണങ്ങൾ-ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്ത് 2021-22 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ച , കെട്ടിട നമ്പർ അനുവദിച്ച/വസ്തു നികുതി നിർണ്ണയിച്ച വിവിധ കെട്ടിടങ്ങളുടെ നമ്പറിംഗ്/വസ്തു നികുതി നിർണ്ണയം സംബന്ധിച്ച ഫയലുകൾ പരിശോധനക്ക് വിധേയമാക്കിയതിൽ, ചില കെട്ടിടങ്ങൾ/ സൈറ്റുകൾ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ 29.12.2022 ന് ഓഡിറ്റ് നേരിട്ട് പരിശോധന നടത്തിയതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പെർമിറ്റ്, കെട്ടിട ഉടമ, നമ്പർ, തരം, വിസ്തീർണ്ണം-ഫയൽ/സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ	പരിശോധനയിലെ കണ്ടെത്തലുകൾ/അപാകതകൾ
1	S3-BA(159885)/2019/15.06.19, ശ്രീമതി. ഇത്തിരുമ്മ & മറ്റുള്ളവർകൂടി 12/634 A മുതൽ C വരെ ആകെ 99.37ച.മീ(47.26 GF+52.11 FF) Plot Area: 80ച.മീവിസ്തീർണ്ണം, Coverage – 65.13 നികുതി തരം- വാണിജ്യ ആവശ്യ ഗണത്തിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്. ഒരു വശം അതിരിൽ നിന്നും 20CM മാത്രം അകലത്തിലാണ്. സമ്മതപത്രം ഹാജരാക്കിയിട്ടുണ്ട്.	1) ഒന്നാം നിലയുടെ അതേ വിസ്തീർണ്ണത്തിൽ (52.11 ച.മീ) കെട്ടിടത്തിൽ രണ്ടാം നില അനധികൃതമായി നിർമ്മിച്ചിട്ടുണ്ട്. 2) രണ്ടാം നില നിർമ്മിച്ചതിന്റെ വിസ്തീർണ്ണം കൂടി ചേരുമ്പോൾ കെട്ടിടത്തിന്റ ആകെ വിസ്തീർണ്ണം 151.48 ച.മീ. ആവും ആയത് പ്രകാരം കാർ പാർക്കിംഗ് സൗകര്യ ഒരുക്കണം. 3) തൊട്ടടുത്ത പ്ലോട്ടിന്റെ ഉടമയുടെ സമ്മത പത്രം പ്രകാരം അതിരിനോട് ചേർന്നുള്ള നിർമ്മാണങ്ങൾ 7 മീറ്റർ ഉയരം മാത്രമേ പാടുള്ളൂ, ടി കെട്ടിടത്തിന്റെ ഉയരം 7 മീറ്ററിൽ അധികരിച്ചിട്ടുണ്ട്.
2	S3-BA(9705)/2020 Dtd. 12.03.2020 - 4/165 A മുതൽ D വരെ. ശ്രീ. സിയാഉൾ ഹഖ്.	1) ഫയൽ പ്രകാരമുള്ള പാർക്കിംഗ് സൗകര്യം പ്ലോട്ടിൽ നിലവിൽ ലഭ്യമല്ല. പ്ലാനിൽ

	ആകെ 362.75ച.മീ(114.55 GF+116.52 FF+ 116.52FF+15.16 Stair). കെട്ടിടത്തിന് 4 കാർ പാർക്കിഗ് സൗകര്യം, ഗ്രൗണ്ട് ഫ്ലോറിൽ ആണ് ഒരുക്കിയിരിക്കുന്നത്.	രേഖപ്പെടുത്തിയ ഗ്രൗണ്ട് ഫ്ലോറിലെ നാല് കാർ പാർക്കിംഗ് സ്ഥലം നിലവിൽ ഷട്ടറുകൾ സ്ഥാപിച്ച് വാഹനങ്ങൾക്ക് പ്രവേശിക്കാനാവാത്ത വിധം തറയുൾപ്പടെയുള്ള കടമുറി/ഹാൾ ആക്കി മാറ്റിയിട്ടുണ്ട്.
3	ലൈസൻസ് നം. 133/21-22. 02/488 A മുതൽ L വരെ(ലൈസൻസിൽ/ലൈസൻസ് രജിസ്റ്ററിൽ കെട്ടിട നമ്പർ 2/488 എന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ട്-ഇത് പാർപ്പിട കെട്ടിടമാണ്) , കെട്ടിട ഉടമ-ശ്രീ. തെങ്ങും കുഴിയൻ മുഹമ്മദ്. കെട്ടിടത്തിന്റെ നമ്പറിംഗ് ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.	1)കെട്ടിടത്തിന് രണ്ടാം നില ഒന്നാം നിലയുടെ അതേ വിസ്തീർണ്ണത്തിൽ അനധികൃത നിർമ്മാണം സ്റ്റീൽ ഷീറ്റ് മേൽകൂരയിട്ട് നിർമ്മിച്ചിട്ടുണ്ട്. 2) കെട്ടിടത്തിൽ ഒന്നും രണ്ടും നിലകളുടെ ഫ്ലോറിൽ നടുവിലായി ഉണ്ടായിരുന്ന കട്ടിംഗ്/ഒഴിവ് ഭാഗം(ഒരു നിലയിൽ 22.032ച.മീ) ഇരുമ്പും മറ്റും ഉപയോഗിച്ച് ഫ്ലോർ ആക്കി മാറ്റിയിട്ടുണ്ട്. കെട്ടിടത്തിന്റെ നമ്പറിംഗ് ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്ലാൻ പ്രകാരമുള്ള അളവുകളും പാർക്കിംഗും മറ്റും മാറ്റമുണ്ടോ എന്നത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
4	ലൈസൻസ് നം. 272/21-22. 05/230 A മുതൽ Z വരെ(ലൈസൻസിൽ/ലൈസൻസ് രജിസ്റ്ററിൽ കെട്ടിട നമ്പർ 2/203 A-Z എന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ട്) , കെട്ടിട ഉടമ-ശ്രീ. കൊണ്ടോട്ടി തക്കിയക്കൽ ഗുലാമുദ്ധീൻ തങ്ങൾ& ഭാര്യ ഷരീഫ. കെട്ടിടത്തിന്റെ നമ്പറിംഗ് ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.	1)കെട്ടിടത്തിന് രണ്ടാം നില ഒന്നാം നിലയുടെ അതേ വിസ്തീർണ്ണത്തിൽ അനധികൃത നിർമ്മാണം സ്റ്റീൽ ഷീറ്റ് മേൽകൂരയിട്ട് നിർമ്മിച്ചിച്ചിട്ടുണ്ട്. 2) കെട്ടിടത്തിൽ ഒന്നാം നിലയുടെ ഫ്ലോറിൽ നടുവിലും മുന്നിലുമായി ഉണ്ടായിരുന്ന കട്ടിംഗ്/ഒഴിവ് ഭാഗം(84.03ച.മീ) ഇരുമ്പും മറ്റും ഉപയോഗിച്ച് ഫ്ലോർ ആക്കി മാറ്റിയിട്ടുണ്ട്. കെട്ടിടത്തിന്റെ നമ്പറിംഗ് ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്ലാൻ പ്രകാരമുള്ള അളവുകളും പാർക്കിംഗും മറ്റും മാറ്റമുണ്ടോ എന്നത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

സഞ്ചയ പ്രകാരം ക്രമ നം.3,4 കെട്ടിടങ്ങൾ ആകെ വിസ്തീർണ്ണം 100ച.മീറ്ററിൽ കൂടുതൽ ഉണ്ട്. എന്നാൽ കെട്ടിടങ്ങളെ 'വാണിജ്യാവശ്യത്തിനുള്ള 100ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്ററന്റ്, ഷോപ്പുകൾ, ഗോഡൗൺ' എന്ന ഗണത്തിലുൾപ്പെടുത്തി കുറഞ്ഞ നിരക്കിലുള്ള (30 രൂപ/ച.മീ) വസ്തു നികുതിയാണ് നിർണ്ണയിച്ചിരിക്കുന്നത്. 'വാണിജ്യാവശ്യത്തിനുള്ള 100ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്ററന്റ്, ഷോപ്പുകൾ, ഗോഡൗൺ' എന്ന ഗണത്തിലുൾപ്പെടുത്തി അവയുടെ നികുതി നിരക്കായ 50/ച.മീ. നിരക്കിലായിരുന്നു നികുതി നിർണ്ണയിക്കേണ്ടിയിരുന്നത്.
നിയമാനുസൃതമല്ലാതെ നിർമിക്കപ്പെട്ട മേൽ കെട്ടിടങ്ങളിലെ നിർമിതികൾക്ക് നാളിതുവരെയും ക്രമവൽകരണം നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ മേൽ കെട്ടിടങ്ങൾ പൊളിച്ച് കളയുകയോ, അപാകത പരിഹരിച്ച് കെട്ടിടങ്ങൾക്ക് വസ്തു നികുതി ചുമത്തി നമ്പർ നൽകുകയോ ചെയ്യേണ്ടതുണ്ട്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അനധികൃത നിർമ്മാണങ്ങളുടെ പട്ടികയിൽപ്പെടുത്തി നിശ്ചിത നിരക്കിൽ വസ്തുനികുതി ഈടാക്കണമെന്ന് നിർദേശിക്കുന്നുണ്ട്. ചട്ടം 24 പ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണ് നേരത്തെ സംഭവിക്കുന്നത് ആ അർദ്ധവർഷാരംഭം മുതൽ വസ്തു നികുതി നൽകാൻ കെട്ടിട ഉടമസ്ഥൻ ബാദ്ധ്യസ്ഥനാകുന്നതാണ് എന്നും വ്യക്തമാക്കുന്നുണ്ട്.

മേൽ കെട്ടിടങ്ങൾ എന്നു മുതലാണ് പ്രവർത്തനക്ഷമമായതു എന്ന് പരിശോധിച്ച് ആയത് മുതലുള്ള വസ്തുനികുതി കണക്കാക്കി കുടിശ്ശിക സഹിതം ഈടാക്കേണ്ടതുണ്ട്. നിയമപ്രകാരമല്ലാതെ നിർമിക്കപ്പെട്ട കെട്ടിടങ്ങളായതിനാൽ നിയമപ്രകാരമുള്ള നികുതിക്ക് പുറമെ അതിന്റെ രണ്ട് ഇരട്ടി കൂടി ഈടാക്കാൻ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 21/2021-22/21.12.2022ന് ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിട നിർമാണങ്ങൾ ക്രമവൽകരിക്കാവുന്നതാണോ എന്നത് പരിശോധിച്ച് അനധികൃത നിർമ്മാണങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടി സ്വീകരിക്കുകയോ 2018ലെ അൺഓതറൈസ്ഡ് ബിൽഡിംഗ് റഗുലറൈസേഷൻ റൂൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതുണ്ട്. കെട്ടിടം പ്രവർത്തനക്ഷമമായതു മുതൽ ക്രമവൽകരണം നടത്തുന്നതു വരെ കെട്ടിടത്തിന് U/A നമ്പർ നൽകി ചട്ടപ്രകാരമുള്ള മൂന്ന് ഇരട്ടി നികുതി ഈടാക്കേണ്ടതുമുണ്ട്. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും തുടർനടപടി വിവരം ലഭ്യമാക്കേണ്ടതുമാണ്.

1-16 ക്രമവൽക്കരണ ഫീസ് ഈടാക്കിയില്ല

2021-22 സാമ്പത്തിക വർഷത്തിൽ കെട്ടിട നമ്പർ അനുവദിച്ച ഫയലുകൾ പരിശോധിച്ചതിൽ, ശ്രീ. അടങ്ങുപുറത്ത് കുരിയിൽ പ്രഭാകരൻ എന്നവർക്ക് കാവനൂർ പഞ്ചായത്ത് കാവനൂർ വില്ലേജ് സ.നം. 28/104/4 സ്ഥലത്ത് ആകെ 188.96ച.മീ വിസ്തീർണ്ണമുള്ള വ്യവസായ ആവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് S3/8359/19 Dtd. 29.09.2020 നമ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ച് ശേഷം കെട്ടിട ഉടമയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടി കെട്ടിടത്തിന് ആകെ 224ച.മീ വിസ്തീർണ്ണത്തിന് 8/1 B കെട്ടിട നമ്പർ അനുവദിച്ച് വ്യവസായ ആവശ്യത്തിനുള്ള കെട്ടിടം എന്ന ഗണത്തിലുൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 10 രൂപ നിരക്കിൽ കണക്കാക്കി വസ്തു നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

കംപ്ലീഷൻ പ്ലാൻ, കംപ്ലീഷന് ശേഷമുള്ള ഓവർസിയറുടെ റിപ്പോർട്ട് പ്രകാരം 183.5 ച.മീ വിസ്തീർണ്ണം കൊമോഴ്സ്യൽ ഷെഡും 46.64 ച.മീ വിസ്തീർണ്ണം റസിഡൻഷ്യൽ ഷെഡുമായിട്ടാണ് നിർമ്മാണം പൂർത്തീകരിച്ചത്. എന്നാൽ സഞ്ചയിൽ വസ്തു നികുതി നിർണ്ണയിച്ചത് പ്രകാരം കെട്ടിടം 36 ച.മീ വിസ്തീർണ്ണത്തിൽ ഇതര വ്യവസായ കെട്ടിടം പെർമിറ്റിൽ നിന്നും അധികരിച്ച് നിർമ്മാണം നടത്തിയിട്ടുണ്ട്.
ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 20/2021-22/29.12.2022ന് ലഭ്യമാക്കിയ മറുപടിയിൽ അധിക നിർമ്മാണത്തിന്റെ ക്രമവൽക്കരണ ഫീസ് 934 രൂപ 29.12.2022ലെ 1220900482,83 എന്നീ രസീതുകൾ പ്രകാരം അടവാക്കിയതായി അറിയിച്ചു. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-17 ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

പദ്ധതി നമ്പർ	:	241/22
പേര്	:	ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ.
നിർവ്വഹണ ഉദ്യോഗസ്ഥൻ	:	സെക്രട്ടറി
അടങ്കൽ തുക (₹)	:	39,110/- രൂപ (തനത് ഫണ്ട്)
ചെലവ് (₹)	:	39,110/- രൂപ
വൗച്ചർ നമ്പർ / തീയതി	:	22101029 തീയതി.07.03.2022

ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് തനത് ഫണ്ടിൽ നിന്നും 39,110/- രൂപ അരീക്കോട് ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി ലിമിറ്റഡിന് നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ.05/26.12.2022) വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

1-18 ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്ററിന് വിഹിതം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പദ്ധതി നമ്പർ	336/22
പേര്	മലപ്പുറം ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്റർ സ്ഥാപിക്കുന്നതിന് വിഹിതം നൽകൽ.
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ തുക (₹)	2,65,000/-
ചെലവ് (₹)	66,700/- (വികസന ഫണ്ട് - സാധാരണ വിഹിതം) 1,98,300/- (തനത് ഫണ്ട്)
ബിൽ നമ്പർ / തീയതി	21150952011001155590 തീയതി.17.02.2022 – 66,700/- രൂപ
വൌച്ചർ നമ്പർ / തീയതി	22101011 തീയതി.22.02.2022 – 1,98,300/- രൂപ (തനത് ഫണ്ട്)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 19.01.2022 ലെ DDP-MPM/407/2021-D10 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്ററിന് വിഹിതം നൽകൽ എന്ന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വിഹിതമായ 2,65,000/- രൂപ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിന്റെ രശീതിയോ, വിനിയോഗ

സാക്ഷ്യപത്രമോ വൗച്ചറിന്റെ കൂടെ സൂക്ഷിച്ചിട്ടില്ല. ആയത് ഹാജരാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് എൻക്വയറി(നമ്പർ. 11/28-12-2022) നൽകിയതിനെ തുടർന്ന് തുക കൈപ്പറ്റിയതിന്റെ രശീതി ഹാജരാക്കി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

1-19 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

പദ്ധതി നമ്പർ	:	142/22
പേര്	:	ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ.
നിർവ്വഹണ ഉദ്യോഗസ്ഥൻ	:	സെക്രട്ടറി
അടങ്കൽ തുക (₹)	:	2,00,000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം)
ചെലവ് (₹)	:	2,00,000/-
ബിൽ നമ്പർ / തീയതി	:	21150952011001155602 / 17.02.2022

ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയുടെ ഭാഗമായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് 2,00,000/- രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

കേന്ദ്രീകൃത രീതിയിലുള്ള വാങ്ങലിലൂടെ മരുന്നുകൾ ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക എന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. എന്നാൽ വകുപ്പ് മുഖേന വിതരണം ചെയ്തു വരുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ അവയുടെ നിയന്ത്രണ ചുമതലയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മരുന്നുകൾ വാങ്ങി നൽകാവുന്നതാണ്. എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയാണ് മരുന്നുകൾ വാങ്ങുന്നതിന് മുൻകൂർ നൽകിയിട്ടുള്ളത്.

2). മരുന്നുകൾ ലഭിച്ചിട്ടില്ല.

തുക മുൻകൂറായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ സ്ഥാപനം മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 12/28.12.2022 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

1-20 വസ്തുനികുതി ഡിമാന്റ് നോട്ടീസ് പ്രിന്റ് ചെയ്തതിന്റെ ആവശ്യകത വ്യക്തമല്ല - ചെലവ് തുക തടസ്സം ചെയ്യുന്നു.

2021-22 വർഷത്തെ നികുതി പിരിവുമായി ബന്ധപ്പെട്ട് വസ്തുനികുതി ഡിമാന്റ് നോട്ടീസ് പ്രിന്റ് ചെയ്തതിന്റെ പ്രിന്റിംഗ് ചാർജ്ജായി വൗച്ചർ നമ്പർ. 22100893 / 25.01.2022 പ്രകാരം 13,988/- രൂപ താഴെ പറയുന്ന പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

ഇൻവോയിസ് നമ്പർ	ഇൻവോയിസ് തീയതി	സ്ഥാപനത്തിന്റെ പേര്	പ്രിന്റ് ചെയ്ത ഡിമാന്റ് നോട്ടീസുകളുടെ എണ്ണം.	തുക
222	10.01.2022	ട്രൂ സ്പെഷ്യാലിറ്റി പ്രിന്റ്സ്, മുല്ലത്ത് കോംപ്ലക്സ്, കോഴിക്കോട്	16,934	13,988/- രൂപ.

വസ്തുനികുതി ഡിമാന്റ് നോട്ടീസുകൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന ജനറേറ്റ് ചെയ്ത് പ്രിന്റ് എടുത്ത് ഉപയോഗിക്കുകയാണ് ചെയ്യേണ്ടത്. ആയതിന് പകരം ഡിമാന്റ് നോട്ടീസ് പ്രിന്റ് ചെയ്തതിന് തുക ചെലവഴിച്ചതിന്റെ കാരണം, സഞ്ചയ സോഫ്റ്റ്‌വെയർ ഉപയോഗിക്കാതെ ഡിമാന്റ് കണക്കാക്കിയതിന്റെ വിവരം എന്നിവ വ്യക്തമാക്കേണ്ടതാണ്. നോട്ടീസിന്റെ പകർപ്പ് വൗച്ചറിന്റെ കൂടെ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ.10/28.12.2022 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

1-21 കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ അരീക്കോട് സബ് ട്രഷറിയിൽ ഉള്ള 799011400002439 നമ്പർ അക്കൗണ്ടിൽ 27.12.2022 ന് ₹ 519825 യും അരീക്കോട് SBI യുടെ ശാഖയിലുള്ള 67163146118നമ്പർ അക്കൗണ്ടിൽ 29.11.2022 ന് ₹ 6331 യും അവശേഷിക്കുന്നുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ ക്യാഷ്ബുക്ക് എഴുതി കാലികമാക്കാത്തതിനാലും എഴുതി പൂർത്തീകരിച്ച 31.03.2022 വരെയുള്ള കാഷ്ബുക്കിൽ നീക്കിയിരുപ്പ് വിവരം രേഖപ്പെടുത്താത്തതിനാലും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഏത് ഇനത്തിലുള്ളതാണ് എന്ന് ഓഡിറ്റിന് കണ്ടെത്താൻ സാധിച്ചിട്ടില്ല. പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുകമാത്രമാണ് AE യുടെ അക്കൗണ്ടിലേക്ക് അനുവദിക്കുന്നത് എന്നതിനാൽ അക്കൗണ്ടിൽ തുക ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല. ആയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (02/2122/24.12.2022) നൽകിയതിന്റെ

അടിസ്ഥാനത്തിൽ ഹാജരാക്കിയ രേഖകൾ പ്രകാരം 229275 രൂപ 2017-18 ലെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി കോൺട്രാക്ടറായ ശ്രീ അബ്ദുസ്സലാം വി എന്നവർക്കും, 73496/- രൂപ 2022-23 വർഷത്തെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി കോൺട്രാക്ടറായ ശ്രീ അബ്ദുൾജലീൽ വി ടി എന്നവർക്കും നൽകാനുള്ളതാണെന്നും ബാക്കി തുക പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ഈടാക്കിയ ഇൻകംടാക്സ്, നിർമ്മാണതൊഴിലാളി വിഹിതങ്ങൾ അതാത് ഡിപ്പാർട്ട്മെന്റുകൾക്കു നൽകാനുള്ളതാണ്.

ട്രഷറി, ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ പണം അവശേഷിക്കുന്നുണ്ട് എന്നതിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക അർഹരായ ആളുകൾക്ക്/വകുപ്പുകൾക്ക് നൽകുന്നതിൽ അസിസ്റ്റന്റ് എഞ്ചിനിയർ വീഴ്ച വരുത്തിയിട്ടുണ്ട് എന്നാണ് വ്യക്തമാകുന്നത്. അക്കൗണ്ടിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുക അർഹരായവർക്ക്/ വകുപ്പുകൾക്ക് നൽകി ക്രമീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1-22 കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല.

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി.

അപാകതകൾ താഴെ നൽകുന്നു.

1. കാഷ്ബുക്ക് ദിനേന, പ്രതിമാസ ക്ലോസിംഗ് നടത്തിയിട്ടില്ല.
2. അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ട്രഷറി, ബാങ്ക് അക്കൗണ്ടിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ കാഷ്ബുക്കിൽ ചേർത്തിട്ടില്ല.
3. ക്യാഷ് ബുക്കിൽ അതാതു ദിവസത്തെ ട്രാൻസാക്ഷൻ പൂർണ്ണമായി രേഖപ്പെടുത്തുന്നില്ല. 31.03.2022 തിയ്യതിയിലെ ട്രാൻസാക്ഷനു ശേഷം വീണ്ടും 2021-22 വർഷത്തിലെ വിവിധ തിയ്യതികളിലായി വിവിധ ഫണ്ടുകളിലായുള്ള ട്രാൻസാക്ഷൻ വീണ്ടും നടന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.
4. കാഷ്ബുക്ക് കാലികമാക്കി എഴുതി സൂക്ഷിക്കുന്നില്ല.

അപാകതകൾ പരിഹരിച്ച് കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 8/21-22/28.12.2022)

1-23 കുടിവെള്ള പദ്ധതി- അറ്റകുറ്റപ്പണി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയും പ്രകാരം രണ്ടു കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രോജക്ട്	ഫണ്ടിനം	അടങ്കൽ	ചെലവ്	റിമാർക്സ്
1	332/22 മാങ്ങാട്ടീരി കുടിവെള്ള പൈപ്പ് ലൈൻ പാനൽ ബോർഡ് മാറ്റി സ്ഥാപിക്കൽ	ധനകാര്യകമ്മീഷൻ അവാർഡ്	100000	69991	മോട്ടോർ സ്ഥാപിക്കൽ, പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ. ആയതിൽ 3 HP മോട്ടോർ സ്ഥാപിക്കുന്നതിന് 41814/- രൂപ ചെലവഴിച്ചിട്ടുണ്ട്.
2	271/22 മണ്ണാരക്കുന്ന് കുടിവെള്ളപദ്ധതി പുനരുദ്ധാരണം	ധനകാര്യകമ്മീഷൻ അവാർഡ്	176875	176875	കുടിവെള്ള പദ്ധതിയുടെ കിണർ മെയിന്റനൻസ് പൈപ്പ് ലൈൻ വലിക്കൽ

സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.22/2018/തസ്വഭവ തിയ്യതി 14.02.2018 പ്രകാരം കുടിവെള്ള പദ്ധതികൾ മുഖേന പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തിയുള്ള ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കേണ്ടതും കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പും 50000/-രൂപക്കു താഴെയുള്ള അറ്റകുറ്റപ്പണികളും ഗുണഭോക്തൃ കമ്മിറ്റി തന്നെ ഏറ്റെടുക്കേണ്ടതുമാണ്.

മേൽ പദ്ധതികളുടെ രൂപീകരണവും നിർവ്വഹണവുമായി ബന്ധപ്പെട്ട് കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതിക്കു കൈമാറിയതിന്റെ രേഖകൾ, കുടിവെള്ള പദ്ധതികൾക്ക് മെയിന്റനൻസ് ആവശ്യമാണെന്ന ഗുണഭോക്തൃസമിതി കത്ത്, ക്രമ നമ്പർ 1 പദ്ധതി പ്രകാരം പുതിയ മോട്ടോർ സ്ഥാപിച്ചപ്പോൾ കുടിവെള്ള പദ്ധതിയിൽ നിലവിൽ ഉണ്ടായിരുന്ന മോട്ടോർ ലേലം ചെയ്ത് തുക പഞ്ചായത്തിലേക്ക് മുതൽ കൂട്ടിയതിന്റെ വിവരം എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/21-22 /29.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.
അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-24 ഐ.സി.ഡി.എസ് -കമ്പ്യൂട്ടർ ,അനുബന്ധ ഉപകരണങ്ങൾ ലഭ്യമായില്ല.

പ്രൊജക്ട് നമ്പർ	341/22
പദ്ധതിയുടെ പേര്	ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ
അടങ്കൽ തുക	100000/- രൂപ (റോഡിതരം)
വിനിയോഗിച്ച തുക	52832/- രൂപ ബി.നം 32/21-22/21.03.22- 20018/- ബി.നം 33/21-22/21.03.22- 30004/- ബി.നം 36/21-22/26.03.22- 2810/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഐ.സി.ഡി.എസ് സൂപ്പർവൈസർ

ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതി പ്രകാരം കമ്പ്യൂട്ടർ , പ്രിന്റർ എന്നിവ വാങ്ങുന്നതിനായി പ്രൊഫോർമ ഇൻവോയിസ് നമ്പർ.TVM/ITBG/PI/RC/34817/20-21 തീയതി. 10.02.2022, .TVM/ITBG /PI/RC/34815/20-21 തീയതി. 10.02.2022 എന്നിവ പ്രകാരം കേരള സ്റ്റേറ്റ് ഐ.ടി മിഷന് 50022/- രൂപ (20018 + 30004) മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ , പ്രിന്റർ എന്നിവ ലഭ്യമായിട്ടില്ല. ആയവ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു (ഓഡിറ്റ് എൻക്വയറി നമ്പർ : 6/27.12.2022). തുക മുൻകൂർ നൽകിയെങ്കിലും കമ്പ്യൂട്ടർ, പ്രിന്റർ എന്നിവക്കുള്ള ടെണ്ടർ ആയിട്ടില്ല എന്ന പേരിൽ ആയവ കിട്ടിയില്ല എന്നും ടെണ്ടർ ആയപ്പോൾ നൽകിയ തുകക്ക് കമ്പ്യൂട്ടർ , പ്രിന്റർ എന്നിവ ലഭ്യമാക്കാൻ സാധിക്കില്ല എന്ന് കേരള സ്റ്റേറ്റ് ഐ.ടി മിഷൻ അറിയിച്ചതിനെ തുടർന്ന് 2022-23 വർഷത്തിൽ പുതിയ പദ്ധതി പ്രകാരം 30000/- രൂപ കൂടി ചേർത്ത് നൽകി കമ്പ്യൂട്ടർ, പ്രിന്റർ എന്നിവക്ക് ഓർഡർ ചെയ്തിട്ടുണ്ടെന്നും എത്രയും പെട്ടെന്ന് ഉപകരണങ്ങൾ ലഭ്യമാവുമെന്നും അറിയിച്ചു. കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ ലഭ്യമാക്കി ആയത് സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

1-25 പോഷകാഹാര വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

നിർവ്വഹണം ഐ.സി.ഡി.എസ് സൂപ്പർവൈസർ.

അനുപൂരക പോഷകാഹാര വിതരണ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ വിവിധ അംഗൻവാടികളിൽ അമൃതം ന്യൂട്രിമിക്സിന്റെ വിലയിനത്തിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഉൾപ്പെടെ താഴെപ്പറയും പ്രകാരം റുമാന ന്യൂട്രിമിക്സ് ഓമാനൂർ ചീക്കോട്, പ്രീതി ഐശ്വര്യ ന്യൂട്രിമിക്സ്, കുനിയിൽ, പുലരി ന്യൂട്രിമിക്സ് ഓമാനൂർ , പുലരി ന്യൂട്രിമിക്സ് വലിയപറമ്പ്, പുളിക്കൽ എന്നീ കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്. ഈ പ്രൊജക്ട് നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). ജി.എസ്.ടി. ഈടാക്കിയില്ല.

2017- ലെ ചരക്ക് സേവന നികുതി നിയമം വകുപ്പ് 51 പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകളിൽ 2 ശതമാനം ജി.എസ്.ടി TDS (1% CGST + 1% SGST) ചെയ്യേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പോഷകാഹാര വിതരണത്തിനുള്ള വിവിധ പദ്ധതികൾ പ്രകാരമുള്ള വാങ്ങലുകളിൽ ജി.എസ്.ടി ഉൾപ്പെടെയുള്ള തുക സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും TDS ഈടാക്കി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ.	പ്രൊജക്ട്	ബിൽ നമ്പർ/തിയ്യതി	ഇൻവോയിസ് നമ്പർ / തിയ്യതി	തുക	സ്ഥാപനം
1	അങ്കണവാടി പോഷകാഹാര വിതരണം (ജനറൽ) [20/22]	ബിൽ നമ്പർ. 1/21-22 /30.06.2021	02/30.04.2021	235209	റുമാന ന്യൂട്രിമിക്സ് ഓമാനൂർ ചീക്കോട്
			03/30.05.2021	218448	
			28/30.03.2021	235172	
			26/27.02.2021	56050	
		ബിൽ നമ്പർ. 9/21-22/13.10.2021	9/26.08.2021	246531	റുമാന ന്യൂട്രിമിക്സ് ഓമാനൂർ ചീക്കോട്
			37/30.07.21-107835/- 45/30.08.21-113295/- 56/30.09.21-102716/-	323846	പ്രീതി ഐശ്വര്യ ന്യൂട്രിമിക്സ്, കുനിയിൽ
			19/30.07.21- 141120/- 37/15.09.21- 135135/-	401310	പുലരി ന്യൂട്രിമിക്സ്

			40/30.09.21- 125055		ഓമാനൂർ
		ചെക്ക് നം 1911323/20.10.21	11/30.09.21	239945	റുമാന ന്യൂട്രിമിക്സ് ഓമാനൂർ ചീക്കോട്
		ചെക്ക് നം 1911360/07.01.22	51/29.10.21- 87250/- 59/30.11.21- 83000/-	170250/-	പുലരി ന്യൂട്രിമിക്സ് ഓമാനൂർ
			67/28.10.21- 68000/- 77/29.11.21- 70250/-	138250/-	പ്രീതി ഐശ്വര്യ ന്യൂട്രിമിക്സ്, കുനിയിൽ
			13/30.10.21- 241832/- 15/30.11.21- 238687/-	480519/-	റുമാന ന്യൂട്രിമിക്സ് ഓമാനൂർ ചീക്കോട്
		ബിൽ നമ്പർ. 21/21-22 /14.01.2022	17/30.12.21 (Part-Total Invoice Amount-243497/-)	11846/-	റുമാന ന്യൂട്രിമിക്സ് ഓമാനൂർ ചീക്കോട്
		ചെക്ക്നം 1911362/18.01.22	17/30.12.21 (Balance-Total Invoice Amount-243497/-)	231651/-	റുമാന ന്യൂട്രിമിക്സ് ഓമാനൂർ ചീക്കോട്
		ചെക്ക്നം 1911382/22.02.22	19/31.01.22	234839/-	റുമാന ന്യൂട്രിമിക്സ് ഓമാനൂർ ചീക്കോട്
			103/31.01.22	80750/-	പ്രീതി ഐശ്വര്യ ന്യൂട്രിമിക്സ്, കുനിയിൽ
			10/27.01.22	84750/-	പുലരി ന്യൂട്രിമിക്സ് ഓമാനൂർ
		ചെക്ക്നം 3062709/23.03.22	21/28.02.22 (Part)	64437/-	റുമാന ന്യൂട്രിമിക്സ് ഓമാനൂർ ചീക്കോട്
		ബിൽ നമ്പർ. 31/21-22 /22.03.2022	113/26.02.22	75750/-	പ്രീതി ഐശ്വര്യ ന്യൂട്രിമിക്സ്, കുനിയിൽ
			11/27.02.22	86500/-	പുലരി ന്യൂട്രിമിക്സ് ഓമാനൂർ
			21/28.02.22 (Part)	177395/-	റുമാന ന്യൂട്രിമിക്സ് ഓമാനൂർ ചീക്കോട്
2	അങ്കണവാടി പോഷകാഹാര വിതരണം	ബിൽ നമ്പർ. 2/21-22 /28.07.2021	8/30.05.21-119385/-	135765/-	പുലരി ന്യൂട്രിമിക്സ് ഓമാനൂർ

	(എസ്.സി) [21/22]		24/28.06.21- 117390/- 9/28.05.21- 111589/-	228979/-	പ്രീതി ഐശ്വര്യ ന്യൂട്രിമിക്സ്, കുനിയിൽ
			05/30.06.21	235653/-	റുമാന ന്യൂട്രിമിക്സ് ഓമാനൂർ ചീക്കോട്
			8/30.05.21	119385/-	പുലരി ന്യൂട്രിമിക്സ് വലിയപറമ്പ്, പുളിക്കൽ
		ബിൽ നമ്പർ. 5/21-22 /25.08.2021	7/30.07.21	240130/-	റുമാന ന്യൂട്രിമിക്സ് ഓമാനൂർ ചീക്കോട്
		ബിൽ നമ്പർ. 20/21-22 /14.01.2022	67/29.12.21 (Part-Total Invoice Amount-84250/-)	11014/-	പുലരി ന്യൂട്രിമിക്സ് ഓമാനൂർ
		ചെക്ക്നം 1911362/18.01.22	90/31.12.21	75750/-	പ്രീതി ഐശ്വര്യ ന്യൂട്രിമിക്സ്, കുനിയിൽ
			67/29.12.21 (Balance-Total Invoice Amount-84250/-)	73236/-	പുലരി ന്യൂട്രിമിക്സ് ഓമാനൂർ

2). ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന സ്ഥാപനത്തെ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ ന്യൂട്രിമിക്സ് വിതരണം ചെയ്ത റുമാന ന്യൂട്രിമിക്സ് ഓമാനൂർ ചീക്കോട്, ന്യൂട്രി മാം വിതരണം ചെയ്ത പ്രീതി ഐശ്വര്യ ന്യൂട്രിമിക്സ്, കുനിയിൽ, ഗ്രാവി പ്രോ മിക്സ് വിതരണം ചെയ്ത പുലരി ന്യൂട്രിമിക്സ് ഓമാനൂർ, പുലരി ന്യൂട്രിമിക്സ് വലിയപറമ്പ്, പുളിക്കൽ എന്നീ സ്ഥാപനങ്ങളെ പഞ്ചായത്തിലെ വിതരണത്തിനുള്ള ഏജൻസിയായി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും സ്ഥാപനവുമായി ന്യൂട്രിമിക്സ് വിതരണത്തിന് പഞ്ചായത്ത് / നിർവ്വഹണോദ്യോസ്ഥൻ കരാർ ചമച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

3). ഭക്ഷണ സാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല.

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 18.12.2010 തീയതിയിലെ ഐ.സി.ഡി.എസ് ബി3-312/10 നമ്പർ കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്റ്റുകളുടെ സാമ്പിളുകൾ പരിശോധന നടത്താനും നിർദ്ദേശിച്ചിരുന്നു. എന്നാൽ വിതരണം ചെയ്ത ഭക്ഷണ സാധനത്തിന്റെ ഗുണ നിലവാര പരിശോധന നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ.19/29.12.2022

1-26 ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല

2021-22 വർഷത്തിൽ പഞ്ചായത്തിൽ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ പണം നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ നാളിതുവരെയുള്ള തുകകൾ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ് അടവ് വന്നത് ടി അക്കൗണ്ടിൽ നിന്നും തുക പഞ്ചായത്ത് തനത്ഫണ്ടിലേക്ക് 22-23 സാമ്പത്തിക വർഷത്തിൽ കൈമാറി തന്നിരുന്നെന്നും വാക്കാൽ അറിയിച്ചു. എന്നാൽ ലഭ്യമായതുക തന്നെയാണോ ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കുന്ന രേഖകൾ ഒന്നും ഹാജരാക്കിയില്ല. 2022-23 വർഷം മുതൽ ഇ ടെണ്ടർ ഫീ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ലഭിക്കുന്നതിന് ക്രമീകരണം ചെയ്തിട്ടുണ്ട് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഇ ടെണ്ടർ ഫീ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള തുക തന്നെയാണോ ലഭ്യമായതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1-27 കൃഷി ഓഫീസിലേക്ക് പ്രിന്റർ, സ്കാനർ എന്നിവ ലഭ്യമായില്ല.

പ്രൊജക്ട് നമ്പർ	158/22
പദ്ധതിയുടെ പേര്	കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും
വിനിയോഗിച്ച തുക	98325/- രൂപ (പ്ലാൻ ജനറൽ) ബി.നം 15/21-22/17.01.22-30004/- ബി.നം 16/21-22/17.01.22-30004/- ബി.നം 17/21-22/17.01.22-12953/- ബി.നം 18/21-22/17.01.22-7069/- ബി.നം 32/21-22/22.03.22-18295/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ

കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പദ്ധതി പ്രകാരം 2 കമ്പ്യൂട്ടർ , പ്രിന്റർ, സ്കാനർ എന്നിവ വാങ്ങുന്നതിനായി പ്രൊഫോർമ ഇൻവോയിസ് നമ്പർ.TVM/ITBG/PI/RC/33168 /20-21 തീയതി. 30.12.2021, TVM/ITBG/PI/RC/33171 /20-21 തീയതി. 30.12.2021, TVM/ITBG/PI/RC/33170/20-21 തീയതി. 30.12.2021, TVM/ITBG/PI/RC/33169/20-21 തീയതി. 30.12.2021,എന്നിവ പ്രകാരം കേരള സ്റ്റേറ്റ് ഐ.ടി മിഷന് 80030/- രൂപ (30004+ 30004+ 12953+ 7069) മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ഇതിൽ പ്രിന്റർ, സ്കാനർ എന്നിവ ലഭ്യമായിട്ടില്ല. പ്രിന്റർ, സ്കാനർ എന്നിവ ലഭ്യമാക്കാത്തതിനാൽ ആയവക്കായി നൽകിയ തുക തിരികെ നൽകാൻ ആവശ്യപ്പെട്ടത് പ്രകാരം 7069 രൂപ കൃഷി ഓഫീസറുടെ ടി.എസ്.ബി. അക്കൗണ്ടിലേക്ക് തിരികെ നൽകിയിട്ടുണ്ടെന്നും ഈ തുക ഉപയോഗിച്ച് 2022-23 പദ്ധതി ഭേദഗതിയിലുൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. എന്നാൽ പ്രിന്റർ, സ്കാനർ എന്നിവക്കായി ആകെ നൽകിയ 20,022/- (12953+7069) രൂപയിൽ 7069/-രൂപ മാത്രമാണ് കൃഷി ഓഫീസറുടെ അക്കൗണ്ടിലേക്ക് തിരികെ ലഭിച്ചിട്ടുള്ളത്. 12953/- രൂപ തിരികെ ഈടാക്കുകയോ പ്രിന്റർ ലഭ്യമാക്കുകയോ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ : 7/27.12.2022)

1-28 പൊതുമരാമത്ത് പ്രവർത്തികൾ - പൊതുഅവലോകനം

അസിസ്റ്റന്റ് എഞ്ചിനിയർ 2021-22 ൽ നടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

I) പ്രവൃത്തികളുടെ നടത്തിപ്പ്

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 173 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 134 പ്രൊജക്ടുകളിലായി ആകെ 27939451 രൂപയാണ് ചെലവഴിച്ചത്.

ആകെ പദ്ധതി	173	ആകെ അടങ്കൽ	45918713
നടപ്പിലാക്കിയത്	134	ചെലവ്	27939451
ശതമാനം	77.45	ചെലവ് ശതമാനം	60.84

II-റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്ക ൽ

പദ്ധതിയുടെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

III-ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്ക ൽ

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള പദ്ധതി തയ്യാറാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല.

IV) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല .

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.

V) രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല .

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 19.01.2017 ലെ ഇ7/11350/2015/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനിയറിംഗ് ഓഫീസുകളിൽ വിവിധ രജിസ്റ്ററുകൾ സൂക്ഷിക്കാൻ നിർദേശിച്ചിട്ടുണ്ട്. എന്നാൽപഞ്ചായത്ത് എഞ്ചിനിയറിംഗ് ഓഫീസിൽ ഇവ പൂർണ്ണമായി എഴുതി സൂക്ഷിക്കുന്നില്ല.

2021-22 വർഷത്തിൽ പ്രൊജക്ട് രജിസ്റ്റർ , ടെണ്ടർ ഫോറം ഇഷ്യു രജിസ്റ്റർ, സെക്യൂരിറ്റി രജിസ്റ്റർ, തുടങ്ങിയ രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടില്ല.

VI) പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല .

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത്

നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ എല്ലാ കരാറുകളിലും പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.

മേൽ പരാമർശിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 09/28.12.2022)

1-29 അളവ് പുസ്തകം, ടെണ്ടർ ഫോം എന്നിവ യഥാരീതിയിൽ സ്റ്റോക്കിലെടുക്കുന്നില്ല

1) അളവ് പുസ്തകം

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2109 പ്രകാരം K.P.W. Form 84 മാതൃകയിൽ അളവ് പുസ്തകങ്ങൾക്ക് ഒരു സ്റ്റോക്ക് ആന്റ് ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കണം. ഇതിൽ അളവ് പുസ്തകത്തിന്റെ ക്രമ നമ്പർ ഇഷ്യൂ ചെയ്യുന്ന തീയ്യതി എന്നിവ രേഖപ്പെടുത്തണം. കൈപ്പറ്റുന്ന ഉദ്യോഗസ്ഥന്റ ഒപ്പ് വാങ്ങിക്കണം. ഗ്രാമ പഞ്ചായത്തിൽ അളവ് പുസ്തകങ്ങളുടെ സ്റ്റോക്ക് സൂക്ഷിപ്പ് സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഗ്രാമപഞ്ചായത്ത് കൈപ്പറ്റുന്ന അളവ് പുസ്തകങ്ങൾക്ക് ക്രമ നമ്പർ നൽകി സ്റ്റോക്കിലെടുക്കുകയും, അസിസ്റ്റന്റ് എഞ്ചിനീയർ/തൊഴിലുറപ്പ് അസിസ്റ്റന്റ് എഞ്ചിനീയറുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ ആയത് ആവശ്യാനുസരണം ഇഷ്യൂ ചെയ്യുകയും ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്.

അപാകതകൾ

1)എം ബുക്കുകൾ കൃത്യമായി സ്റ്റോക്കിലെടുത്തുന്നില്ല

2021-22 വർഷത്തിൽ മൊത്തം 75 എം ബുക്കുകളാണ് ഗ്രാമലക്ഷമിയിൽ (ഇൻവോയ്സ് നം.PGT/GSTINV/464/2021-22 തിയ്യതി 02.08.2021 25 Folio 50 എണ്ണം & 50 Folio 25എണ്ണം) നിന്നും ലഭ്യമായിട്ടുള്ളത്. എന്നാൽ ടി എം ബുക്കുകൾ കൃത്യമായി സ്റ്റോക്കിലെടുത്തിട്ടില്ല. വിതരണ രേഖകളും ലഭ്യമല്ല. അസി. എഞ്ചിനീയർ ഓരോ പ്രവൃത്തിക്കും എടുക്കുന്ന എം ബുക്കുകളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും എത്ര എം ബുക്കുകൾ ലഭ്യമായെന്നോ എത്ര എണ്ണം നീക്കിബാക്കി ഉണ്ടെന്നോ രേഖപ്പെടുത്തുന്നില്ല. NREGS വിഭാഗം എം ബുക്കുകൾ സ്റ്റോക്കിലെടുക്കുക പോലും ചെയ്തിട്ടില്ല.

2022-23 വർഷത്തിൽ 05/2022ന് 800 എം ബുക്കുകൾ ഗ്രാമ ലക്ഷമിയിൽ നിന്നും വാങ്ങിയതായി സ്റ്റോക്ക് രജിസ്റ്ററിൽ(പേജ് നം. 90) ൽ രേഖപ്പെടുത്തിയിട്ടുണ്ട്. (ഇൻവോയ്സ് നം. PGT/ GSTINV/200/2022-23 തിയ്യതി 09.05.2022 25 Folio 300എണ്ണം & 50 Folio 500 എണ്ണം) ആയതിൽ 500 (200-50 Folio+ 300- 25 Folio) എണ്ണം NREGS വിഭാഗത്തിന് നൽകിയതായി കാണിച്ചിട്ടുണ്ട്. ലഭ്യമായ എം ബുക്ക് NREGS വിഭാഗം സ്റ്റോക്കിലെടുത്തിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 300 എം ബുക്കുകൾ നിലവിൽ ബാക്കിയുണ്ടെങ്കിലും സെക്ഷൻ ക്ളാർക്കിന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ ഏകദേശം 350 അളവ് പുസ്തകങ്ങൾ സ്റ്റോറിൽ കാണപ്പെട്ടു.

സ്റ്റോക്ക് രജിസ്റ്ററിൽ നീക്കിയിരിപ്പ് ഉള്ളതിനേക്കാൾ കൂടുതൽ സ്റ്റോറിൽ നീക്കിയിരിപ്പുണ്ട്.

2) ടെണ്ടർ ഫോം

സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, തൊഴിലുറപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

1-30 മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

1) പദ്ധതി നം. 04/21-22 – പി.എച്ച്.സി-ക്ക് മരുന്ന് വാങ്ങൽ

മെഡിക്കൽ ഓഫീസർ-പി.എച്ച്.സി നിർവ്വഹണം നടത്തിയ മേൽ പദ്ധതിയുടെ ഭാഗമായി മരുന്നുകൾ ലഭ്യമാക്കുന്നതിനായി PRF5362 ന്റെ അടിസ്ഥാനത്തിൽ, ബിൽ നം. 22/09.02.2022 പ്രകാരം 5,00,000/- രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്. ആയതിൽ ചുവടെ ചേർത്ത ഇൻവോയ്സുകൾ പ്രകാരം ആകെ 381827/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്.

ക്രമ നം	KMSCL ഇൻവോയ്സ് നം	തുക
1	3792/06.06.2022	163668/-
2	4708/20.06.2022	58982/-
3	9106/23.08.2022	32953/-
4	9169/24.08.2022	16506/-
5	12507/29.09.2022	7594/-
6	14655/22.10.2022	554/-
7	16454/08.11.2022	40769/-
8	18630/24.11.2022	60801
ആകെ		381827/-

അവശേഷിക്കുന്ന 118173/- രൂപയുടെ മരുന്നുകൾ ലഭ്യമാവാനവശേഷിക്കുന്നുണ്ട്.

2) പദ്ധതി നം. 03/21-22 – പരിരക്ഷ- മരുന്ന് വാങ്ങൽ

മെഡിക്കൽ ഓഫീസർ-പി.എച്ച്.സി നിർവ്വഹണം നടത്തിയ മേൽ പദ്ധതിയുടെ ഭാഗമായി മരുന്നുകൾ ലഭ്യമാക്കുന്നതിനായി PRF5359 ന്റെ അടിസ്ഥാനത്തിൽ, ബിൽ നം. 21/09.02.2022 പ്രകാരം 265939/- രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്. ആയതിൽ ചുവടെ ചേർത്ത ഇൻവോയ്സുകൾ പ്രകാരം ആകെ 158001/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായതായി കാണുന്നുണ്ട്.

ക്രമ നം	KMSCL ഇൻവോയ്സ് നം	തുക
1	3761/06.06.2022	29356/-
2	9172/24.08.2022	8133/-
3	10814/13.09.2022	86965/-
4	11957/23.09.2022	9998/-
5	13526/11.10.2022	1586/-
6	14844/25.10.2022	960/-
7	16636/09.11.2022	765/-
8	17460/17.11.2022	18398/-
9	17635/18.11.2022	1840/-
ആകെ		158001/-

അവശേഷിക്കുന്ന 107938/- രൂപയുടെ മരുന്നുകൾ ലഭ്യമാവാനവശേഷിക്കുന്നുണ്ട്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 17/202-21/28.12.2022ന് മറുപടി ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമായതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

1-31 സാക്ഷരതാ പ്രേരകിന് തനത്ഫണ്ടിൽ നിന്നും ഹോണറേറിയം നൽകിയത് തിരികെ ലഭിച്ചില്ല.

സ.ഉ (സാധാ) 626/21/ത.സ്വ.ഭ.വ തീയതി 26.2.2021 നമ്പർ ഉത്തരവ് പ്രകാരം സാക്ഷരതാ പ്രേരക്മാർക്ക് 2020 ഡിസംബർ മുതലുള്ള മാസങ്ങളിലെ ഹോണറേറിയം ഗ്രാമപഞ്ചായത്ത് തനത്ഫണ്ടിൽ നിന്ന് നൽകുന്നതിനു ഉത്തരവായിട്ടുണ്ട്. തുക പിന്നീട് സാക്ഷരതാ മിഷൻ തിരികെ നൽകുന്നതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. വൗച്ചർ നമ്പർ 22100081/05.05.2021 പ്രകാരം 2021 ഫെബ്രുവരി, മാർച്ച്, മാസങ്ങളിലെ ഹോണറേറിയമായ 50,660 രൂപ കുറ്റിപ്പുളി, ചെങ്ങര, എലിയാപറമ്പ് എന്നീ തുടർവിദ്യാകേന്ദ്രങ്ങളിലെ സാക്ഷരതാ പ്രേരക്മാർക്ക് നൽകിയിട്ടുണ്ട്. ആയത് റീഇംബേഴ്സ് ചെയ്ത് കിട്ടുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ.03/26.12.2022), സാക്ഷരതാ മിഷനിൽ നിന്നും തുക തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുക ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

1-32 പി.എം.എ.വൈ വിഹിതം അടവാക്കൽ - വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

പദ്ധതി നമ്പർ	:	144/22
പേര്	:	പി.എം.എ.വൈ വിഹിതം അടവാക്കൽ.
നിർവ്വഹണ ഉദ്യോഗസ്ഥൻ	:	സെക്രട്ടറി
അടങ്കൽ തുക (₹)	:	4,20,000/- (വികസന ഫണ്ട് - സാധാരണ വിഹിതം)
ചെലവ് (₹)	:	2,80,000/-
ബിൽ നമ്പർ / തീയതി	:	21150952011001277468 തീയതി.08.03.2022

പി.എം.എ.വൈ വിഹിതമായി 2,80,000/- രൂപ അരീക്കോട് ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്ര പ്രകാരം 70,000/- രൂപ മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. ബാക്കി 2,10,000/- രൂപ ഗ്രാമപഞ്ചായത്തിൽ തിരികെ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ.4/26.12.2022) പൂർണ്ണമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് അയച്ചിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയത്. വിനിയോഗ വിവരം ലഭ്യമാക്കി അറിയിക്കേണ്ടതാണ്. ആയത് വരെ 2,10,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വർഷം	പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ /തീയതി
2021-22	22-12-22 മുതൽ 29-12-2022 വരെ 2021-2022 ഓഡിറ്റ് വേളയിൽ	ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി

4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പദ്ധതി പേര്, നമ്പർ	ചെലവഴിച്ച തുക	നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത്	700000	ലൈഫ് ഭവന നിർമാണം	700000	0
	207000	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (37)	207000	0
	59500	പച്ചക്കറി കൃഷി പ്രോത്സാഹനം 115	59500	0
	226200	വയോജനങ്ങൾക്ക് കട്ടിൽ	226200	0
	85000	നെൽ കൃഷി കൂലി ചെലവ് സബ്സിഡ്	85000	0
ജില്ലാ പഞ്ചായത്ത്	750000	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (37)	750000	0

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ, ചെക്ക് നമ്പർ, ബിൽ നമ്പർ	മുൻകൂർ നല്കിയ തുക	ചെലവഴിച്ച തുക	പൂർത്തീകരിച്ച വിവരം	ചെലവഴിക്കാൻ ബാക്കിയുള്ള തുക
KSEB	ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	22101029/07.03.22	39110	0	പൂർത്തീകരണ സാക്ഷ്യ പത്രം ലഭ്യമായിട്ടില്ല	39110

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ /വായ്പ തിരിച്ചടവ്

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
സമ്പൂർണ്ണ പാർപ്പിട പദ്ധതി (ലൈഫ് മിഷൻ) ഹഡ്കോ വായ്പ	GO(MS)68/2018 /LSGD/ 18.05.18	2701661	1966666	366666	0	1600000

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	നിലവിലെ സ്ഥിതി
2014-15	2(4)	2016-17	തൊഴിൽ നികുതി റജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല – 1998 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്ത് തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാൻറ് രജിസ്റ്റർ, കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.	തൊഴിൽ നികുതി രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല.	1998 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരമുള്ള ഡിമാൻറ് രജിസ്റ്ററുകൾ 2014-15 സാമ്പത്തിക വർഷം മുതൽ പഞ്ചായത്തിൽ സൂക്ഷിച്ച് വരുന്നുണ്ട്.
2014-15	2(5)	2016-17	സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ചുവടെ ചേർത്ത സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയട്ടില്ല (1) മുത്തൂറ്റ് മിനി നിധി 2013-14 രണ്ടാം അർദ്ധ വർഷം. (2) മാവേലി സ്റ്റോർ കാവനൂർ രണ്ടാം അർദ്ധ വർഷം.	സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല	ടി.സ്ഥാപനങ്ങളുടെ പരാമർശ പ്രകാരമുള്ള തൊഴിൽ നികുതി ഇതുവരെ ഈടാക്കിയിട്ടില്ല. ഈടാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.
2014-15	2(6)	2016-17	താഴെ പറയുന്ന ജീവനക്കാരുടെ 2014-15 വർഷത്തെ തൊഴിൽ നികുതി കുറവായി ഈടാക്കി. (1) ശ്രീമതി സലീന കിളിയമണ്ണിൽ (ലാബ് അസിസ്റ്റൻറ് ജി.എച്ച്.എസ്.എസ് കാവനൂർ - 250/- ഒന്നാം അർദ്ധ വർഷം. (2) ശ്രീ.രാജൻ.കെ.കെ. ലാബ് അസിസ്റ്റൻറ് ജി.എച്ച്.എസ്.എസ് കാവനൂർ. 250. ഒന്നാം അർദ്ധ വർഷം. (3) ശ്രീ.രാജൻ.കെ.കെ. ലാബ് അസിസ്റ്റൻറ് ജി.എച്ച്.എസ്.എസ് കാവനൂർ. 250. രണ്ടാം അർദ്ധ വർഷം	തൊഴിൽ നികുതി കുറവായി ഈടാക്കി	രസീത് നം.11603102480 തിയതി.7-10-2016 പ്രകാരം 750/- രൂപ ടി. പരാമർശ പ്രകാരമുള്ള തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്.
2014-15	2(7)	2016-17	താഴെ പറയുന്ന അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി, തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. (1) മജ്മഅ് ട്രൈനിംഗ് കോളജ്, കാവനൂർ. (2) മജ്മഅ്	അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി, തൊഴിൽ നികുതി	ടി.സ്ഥാപനങ്ങളുടെ വസ്തു നികുതി, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. തുടർ

			സെൻട്രൽ സ്കൂൾ കാവനൂർ. (3) സി.എച്ച്.എം.കെ.എച്ച്.എസ്.എസ്. കാവനൂർ. (4) മജ്മഅ് പബ്ലിക് സ്കൂൾ കാവനൂർ. (5) എം.എ.ഒ.എച്ച്.എസ്.എസ്.എളയൂർ. (7) ശിവശക്തി വിദ്യാനികേതൻ കാവനൂർ. (8) മൈസസ് പബ്ലിക് സ്കൂൾ കാവനൂർ. (9) എം.എ.ഒ. ഐ.ടി.ഐ എളയൂർ.	ഈടാക്കിയിട്ടില്ല.	നടപടി സ്വീകരിച്ച് വരുന്നു.
2014-15	2(9)	2016-17	കാവനൂർ ഗ്രാമ പഞ്ചായത്തിൽ അഞ്ചാം വാർഡിൽ സ്ഥിതി ചെയ്യുന്ന മഠത്തിൽ ഓഡിറ്റോറിയത്തിൽ നിന്നും 2013-14 ഒന്ന്, രണ്ട് അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല	മഠത്തിൽ ഓഡിറ്റോറിയം സ്ഥാപന നികുതി ഈടാക്കാത്തത്	കാവനൂർ ഗ്രാമ പഞ്ചായത്തിൽ അഞ്ചാം വാർഡിൽ സ്ഥിതി ചെയ്യുന്ന മഠത്തിൽ ഓഡിറ്റോറിയത്തിന് 11-11-2014 നാണ് നമ്പർ അനുവദിച്ചത്. ആയതിനാൽ ടി.സ്ഥാപനത്തിൽ നിന്ന് 2014-15 രണ്ടാം അർദ്ധ വർഷം മുതൽ തൊഴിൽ നികുതി ഈടാക്കി വരുന്നുണ്ട്.
2014-15	2(10)	2016-17	അൺ എയ്ഡഡ് സ്കൂൾ സ്ഥാപനങ്ങൾ മിനിമം വേതനം ഉത്തരവുകൾക്കനുസൃതമല്ലാത്ത തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിക്കുന്നത് മൂലം പഞ്ചായത്തിന് വരുമാനത്തിൽ കുറവ് സംഭവിക്കുന്നു.	നിയമാനുസൃത മല്ലാത്ത തൊഴിൽ നികുതി റിട്ടേണുകൾ - പഞ്ചായത്തിന് വരുമാനം നഷ്ടം സംഭവിക്കുന്നത്.	ടി. പരാമർശം ശ്രദ്ധയിൽപ്പെട്ടതിന് ശേഷം 2015-16 വർഷം മുതൽ 14-2-2011 ലെ സ.ഉ.(കൈ)36/11 പൊതു വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള തുക എല്ലാ അൺ എയ്ഡഡ് സ്കൂളുകളിൽ നിന്നും ഈടാക്കി വരുന്നുണ്ട്.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	139757418
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	94238385
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല.
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	263098

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-20	13,988/-	ശ്രീമതി. സൽമാ ബീവി.പി.എസ്, സെക്രട്ടറി
1-32	2,10,000/-	ശ്രീമതി. സൽമാ ബീവി.പി.എസ്, സെക്രട്ടറി

1-17	39,110/-	ശ്രീമതി. സൽമാ ബീവി.പി.എസ്, സെക്രട്ടറി
ആകെ	263098	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
ഇല്ല.		

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ
ഇല്ല.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1995-96	കെ.എസ്.എ.എം.പി.എം. /2157/18(2) തിയതി.14.10.19	1
1996-97	കെ.എസ്.എ.എം.പി.എം. /2157/18(3) തിയതി.14.10.19	1
1998-99	കെ.എസ്.എ.എം.പി.എം. /2157/18(5) തിയതി.14.10.19	10
1999-2000	കെ.എസ്.എ.എം.പി.എം. /2157/18(6) തിയതി.14.10.19	5
2000-01	കെ.എസ്.എ.എം.പി.എം. /2157/18(7) തിയതി.14.10.19	5
2001-02	കെ.എസ്.എ.എം.പി.എം. /2157/18(8) തിയതി.14.10.19	18
2002-03	കെ.എസ്.എ.എം.പി.എം. /2157/18(9) തിയതി.14.10.19	2
2004-05	കെ.എസ്.എ.എം.പി.എം. /2157/18(11) തിയതി.14.10.19	1
2005-06	എൽ.എഫ്.എം.15/2123/09 തിയതി.23-10-2010	9
2006-07	എൽ.എഫ്.എം.16/1551/09 തിയതി.23-10-2010	9
2007-08	എൽ.എഫ്.എം. 6/1338/12 തിയതി.28-6-2012	20
2008-09	എൽ.എഫ്.എം. 6/1339/12 തിയതി. 9-7-2012	17
2009-10	എൽ.എഫ്.എം. 6/1340/12 തിയതി. 9-7-2012	16
2010-11	എൽ.എഫ്.എം. 6/1757/13 തിയതി.2-4-2014	24
2011-12, 12-13	കെ.എസ്.എ.എം.പി.എം. 6/232/15 തിയതി.27-7-2015	24
2013-14, 14-15	കെ.എസ്.എ.എം.പി.എം. 6/2022/17 തിയതി.9-8-2016	15
2015-16	കെ.എസ്.എ.എം.പി.എം.6/3277/17 തിയതി.8-3-2018	15
2016-17	കെ.എസ്.എ.എം.പി.എം. 6/2004/17 തിയതി.31-7-2018	16
2017-18	കെ.എസ്.എ.എം.പി.എം. 9/1932/18 തിയതി.24-01-2019	13

2018-19	കെ.എസ്.എ.എം.പി.എം. 9/422/20 തിയതി.19-09-2020	13
2019-20	കെ.എസ്.എ.എം.പി.എം. 9/2260/21 തിയതി.26.02.2022	19
2020-21	കെ.എസ്.എ.എം.പി.എം. 9/2261/21 തിയതി.04.04.2022	35

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കാവനൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കാവനൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്